(ബി) ഇപ്പോൾ അവ എത്രയാണെന്നും അവ ഏതൊക്കെയെന്നും വിശദമാ
ക്കാമോ;

(സി) സംസ്ഥാനത്ത് സർക്കാർ അംഗീകാരത്തോടെ സർക്കാർ മേഖലയിലും
സ്വകാര്യ മേഖലയിലും ഉള്ള സ്ഥാപനങ്ങൾ നടത്തുന്ന എല്ലാ കോഴ്സുകളുടേയു
ഫീസ് നിരക്കുകൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്രയായിരുന്നു;

(ഡി) ഇപ്പോൾ അവ ഓരോന്നും എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

120 [672] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ
വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ
മേഖലയിൽ വിഭാവനം ചെയ്യുന്ന പ്രധാന പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ ലക്ഷ്യങ്ങൾക്കനുസൃതമായി കഴിഞ്ഞ രണ്ടു വർഷക്കാലത്തിനിടയിൽ
ഈ മേഖലയിൽ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശം
നൽകുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട
ഏതെങ്കിലും ഏജൻസികളുടെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജുകളെയും സർവ്വകലാശാലകളെയും തമ്മിൽ ബന്ധ
പ്പെടുത്തിക്കൊണ്ട് എഡ്യൂക്കേഷൻ ട്രിഡ് സ്ഥാപിക്കുക, ഡയറക്ടറേറ്റ്, ഡെപ്യൂട്ട
ഡയറക്ടറാഫീസ്, സെന്റേഴ്സ് ഓഫ് എക്സലൻസായി പ്രഖ്യാപിച്ച കോളേജുക
കമ്പ്യൂട്ടർവൽക്കരിക്കുക, അദ്ധ്യാപകർക്കായി റിഫ്രഷർ കോഴ്സുകൾ, ശിൽപ്പശാലക
എന്നിവ സംഘടിപ്പിക്കുക, ഗവ. കോളേജുകളിലെ ലാബ്, ലൈബ്രറി എന്നിവ വിപുല
കരിക്കുക, സംഗീത കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
കോളേജുകളിൽ ഏതാനും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുവാനുള്ള നടപ
സ്വീകരിക്കുക, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഇ-ഗവേണൻസ്, പരീക്ഷാകേന്ദ്രങ്ങളു
കമ്പ്യൂട്ടർവൽക്കരണം, 9-ാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച എഞ്ചിനീയറിംഗ

LIBRARY ARCHIVES Kerala Legislative Assembly

പോളിടെക്നിക്ക് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവ വിഭാവനം ചെയ്യുന്നു.

(ബി) ഐ. ടി. ഗ്രിഡ്, ഇ-ഗവേണൻസ്, ഫാക്കൽറ്റികളുടെ ഗുണപരമായ വികസനം, ഡിപ്പാർട്ടുമെന്റുകളുടെ നവീകരണം, ലാബ്/ലൈബ്രറി എന്നിവയുടെ വിപുലീകരണം, പുതിയതായി ആരംഭിച്ച സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള ആവശ്യമായ സ്ഥലം ലഭ്യമാക്കുക, പോളിടെക്നിക്കുകളുൾപ്പെടെയുള്ള കെട്ടിടം പണിയാനുള്ള നടപടി സ്വീകരിക്കുക, എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും മതിയായ യന്ത്രസാമഗ്രികൾ, ഫർണീച്ചർ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ, പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്.

(സി) തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിന് സ്വയംഭരണാവകാശം നൽകാൻ തീരുമാനിക്കുകയും, തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ന്യൂനപക്ഷ മാനേജുമെന്റുകൾ നടത്തുന്ന സ്വാശ്രയ കോളേജുകളുടെ പ്രത്യേക അവകാശങ്ങൾ

121 [673] ശ്രീ. എ. പി. അനിൽകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഇ. എം. അഗസ്തി:
,, ഡി. സുഗതൻ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും സ്വാശ്രയ മെഡിക്കൽ കോളേജുകളും ഉണ്ട്;

(ബി) ഇവയിൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് എത്ര വീതം എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും ഉണ്ട്;

(സി) ന്യൂനപക്ഷ മാനേജുമെന്റുകളുടെ കീഴിൽ നടത്തുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കും മെഡിക്കൽ കോളേജുകൾക്കുമുള്ള പ്രത്യേക അവകാശങ്ങൾ എന്തെല്ലാം;

(ഡി) മറ്റ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും നടത്തുന്ന ബാക്കി മാനേജ്മെന്റുകൾക്കും ഈ അവകാശങ്ങൾ ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly